## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1354** **11/06/2019 -ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിൽ എൽ.പി.എസ്.എ, യു.പി.എസ്.എ. തസ്തികകളിലെ ഒഴിവുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി ജോയി | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | തിരുവനന്തപുരം ജില്ലയിൽ എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | തിരുവനന്തപുരം ജില്ലയിൽ എൽ.പി.എസ്.ടി തസ്തികയിൽ ആകെ 550 ഒഴിവുകളും യു.പി. എസ്.റ്റി തസ്തികയിൽ 226 ഒഴിവുകളും ഉണ്ടായിരുന്നു. കൂടാതെ 2019 ലെ വിരമിക്കൽ ഒഴിവുകൾ ആയി എൽ.പി.എസ്.ടിയിൽ 26, യു.പി.എസ്.ടിയിൽ 30 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) | ആയതിൽ പി.എസ്സ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും എൽ.പി.എസ്.എ., യു.പി.എസ്.എ. എത്ര വീതമെന്നും വ്യക്തമാക്കാമോ ; | ബി) | എൽ.പി.എസ്.ടി, യു.പി.എസ്.ടി തസ്തികകളിലായി പുതിയ പി.എസ്.സി നിയമനവും അന്തർജില്ലാ സ്ഥലംമാറ്റവും നടത്തിയിട്ടുണ്ട്. ഈ നിയമനങ്ങളിൽ ജോയിനിംഗ് റിപ്പോർട്ട് ലഭിക്കുന്നതിനുസരിച്ച് മാത്രമേ ഒഴിവുകൾ കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| സി) | ജില്ലയിലെ എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകളുടെ ആകെ എണ്ണം വ്യക്തമാക്കാമോ? | സി) | 2018-19 തസ്തിക നിർണ്ണയ പ്രകാരം തിരുവനന്തപുരം ജില്ലയിൽ 2439 എൽ.പി.എസ്.ടി തസ്തികകളും 1324 യു.പി.എസ്.ടി തസ്തികകളും ഉണ്ട്. |

**സെക്ഷൻ ഓഫീസർ**